I/6139349/2024

"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

ആയുഷ്-സി2/32/2022-ആയുഷ്
ആയുഷ് (സി) വകുപ്പ്
തിരുവനന്തപുരം
തീയതി: 30-03-2024
ഫോൺ - 0471-2517473
ഇ-മെയിൽ: ayushcdepartment@gmail.com

**പരിപത്രം**

വിഷയം:- ആയുഷ് വകുപ്പ് - സംസ്ഥാനത്ത് ഹോമിയോ ഡിസ്പെൻസറികളുടെ പെരിഫറൽ ഒ.പി.-കൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്:-

സൂചന:- ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 01/04/2023-ലെ ഡി.എച്ച്.ടി.വി.എം./641/2023-പി2 - നമ്പർ കത്ത്.

സംസ്ഥാനത്ത് ഹോമിയോ ഡിസ്പെൻസറികളുടെ പെരിഫറൽ ഒ.പി.-കൾ അനുവദിക്കുന്നത് സംബന്ധിച്ച് ചുവടെ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. സ്ഥാപനം സ്ഥിതി ചെയ്യുന്ന പഞ്ചായത്തിൽ തന്നെ ആയിരിക്കണം പെരിഫറൽ ഒ.പി. പ്രവർത്തിക്കേണ്ടത്.
2. മാതൃസ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്ത രീതിയിൽ ജീവനക്കാരെ നിയോഗിച്ച് പ്രവർത്തിപ്പിക്കാൻ കഴിയണം. പെരിഫറൽ ഒ.പി. പ്രവർത്തിപ്പിക്കുന്ന ദിവസങ്ങളിൽ മാതൃസ്ഥാപനം അടച്ചിടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.
3. ജനസാന്ദ്രത, രോഗികളുടെ എണ്ണം, പെരിഫറൽ ഒ.പി.യ്ക്കായി തെരഞ്ഞെടുത്തിട്ടുള്ള സ്ഥലം, മാതൃസ്ഥാപനത്തിലേയ്ക്കുള്ള ദൂരം (5 കി.മി. എങ്കിലും കൂടുതലായിരിക്കണം), തൊട്ടടുത്തുള്ള ഹോമിയോ ഡിസ്പെൻസറിയിലേയ്ക്കുള്ള ദൂരം, രോഗികൾക്ക് എത്തിച്ചേരുന്നതിനുള്ള സൗകര്യം എന്നിവ പരിശോധിച്ച് ഇവയെ അടിസ്ഥാനപ്പെടുത്തി പെരിഫറൽ ഒ.പി. പ്രവർത്തിപ്പിക്കുന്നതിന് അഭികാമ്യമാണെന്നുള്ള ബന്ധപ്പെട്ട ഡി.എം.ഒ.-യുടെ റിപ്പോർട്ട്.
4. പെരിഫറൽ ഒ.പി. പ്രവർത്തിപ്പിക്കുന്നതിനായി മാതൃസ്ഥാപനത്തിൽ നിന്ന് തന്നെ HR കണ്ടെത്തുന്നതിന് സാധിക്കണം. HR ഇനത്തിൽ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകരുത്.
5. പെരിഫറൽ ഒ.പി. പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സൗകര്യമുള്ള കെട്ടിടം, ഭൗതിക സാഹചര്യങ്ങൾ, ഉപകരണങ്ങൾ, മറ്റ് ചെലവുകൾ എന്നിവ പഞ്ചായത്ത് ഏറ്റെടുക്കുന്നതാണെന്നും, പഞ്ചായത്തിൽ പെരിഫറൽ ഒ.പി. പ്രവർത്തിക്കുന്നത്

ആവശ്യമാണെന്ന് അറിയിച്ചുകൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഉണ്ടായിരിക്കണം.

6. സർക്കാരിന് യാതൊരുവിധ അധിക സാമ്പത്തിക ബാധ്യതയും പെരിഫറൽ ഒ.പി. പ്രവർത്തിപ്പിക്കുന്നതിന് ഉണ്ടാകരുത്.
7. ആഴ്ചയിൽ ഒരു ദിവസമാണ് പെരിഫറൽ ഒ.പി. പ്രവർത്തിക്കേണ്ടത്. ഇതിനായി പ്രാദേശികമായ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഒരു ദിവസം നിശ്ചയിക്കുന്നതിന് ഡി.എം.ഒ.-യ്ക്ക് തീരുമാനമെടുക്കാവുന്നതാണ്. (ഒ.പി. സമയം 9.00 am - 2.00 pm)
8. ആയുഷ് വകുപ്പിന്റെ അനുമതിയോട് കൂടി മാത്രമേ പെരിഫറൽ ഒ.പി. അനുവദിക്കുവാൻ പാടുള്ളു.

SEEMA S

ജോയിന്റ് സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം.
2. എല്ലാ ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസർമാർക്കും.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
4. വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്, തിരുവനന്തപുരം.
5. കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ആയുഷ്-സി2/32/2022-ആയുഷ്)

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 30-03-2024 16:09:19

സെക്ഷൻ ഓഫീസർ.